## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5600** **18.11.2019-ൽ**
**മറുപടിക്ക്**

### <u>കുറ്റിപ്പുറം ആശുപത്രി വികസനം</u>

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ആശുപത്രിയുടെ വികസനത്തിനായി 2019-20 വർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക നീക്കിവെച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ മെഡിക്കൽ ഓഫീസിലും സ്വീകരിച്ച നടപടികൾ അറിയിക്കുമോ: | (എ) & (ബി) | കുറ്റിപ്പുറം ആശുപത്രിയുടെ നിർമ്മാണത്തിനായി കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാനായി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ആശുപത്രി സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ഭരണാനുമതിയ്ക്കുവേണ്ടിയുള്ള പ്രൊപ്പോസൽ മലപ്പുറം ഡി.എം.ഒ. ഡി.എച്ച്.എസ്.ൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (സി) | കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി 2019-20 ബജറ്റിൽ 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ അനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് വേണ്ടി പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നല്കിയിട്ടുണ്ട് പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ തുടർ പ്രവൃത്തി ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലം തടസ്സരഹിതമാക്കി കൊടുക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത |

| | | | |
|---|---|---|---|
| | | | സ്ഥലത്തെ പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**